**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **01-09-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട നമ്പർ ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമാണ ചട്ടം പ്രകാരം വീട് നിർമിക്കുമ്പോൾ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്ന് എത്ര മീറ്റർ അകലം പാലിക്കേണ്ടതുണ്ട് എന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടം പ്രകാരം വീട് നിർമ്മിക്കുമ്പോൾ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്ന് എത്ര മീറ്റർ അകലം പാലിക്കേണ്ടതുണ്ട് എന്ന് 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>എന്നാൽ പ്ലോട്ടതിരിൽ നിന്നും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള അകലം പാലിച്ചു മാത്രമേ നിർമ്മാണം നടത്താൻ പാടുള്ളൂ. 2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 26(4) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള വാസഗൃഹത്തിന് ഫ്രണ്ട് യാർഡ് മിനിമം 1.8 മീറ്ററും, ആവറേജ് 3.0 മീറ്ററും, റിയർ യാർഡ് മിനിമം 1.0 മീറ്ററും, ആവറേജ് 1.5 മീറ്ററും, സൈഡ് യാർഡ് മിനിമം 1.0 മീറ്ററും നൽകേണ്ടതാണ്. 10 മീറ്റർ ഉയരം കഴിഞ്ഞുള്ള ഓരോ 3.0 മീറ്ററിനും 50 സെന്റിമീറ്റർ വീതം അധിക ഓപ്പൺ സ്പെയിസ് നൽകേണ്ടതാണ്. 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടത്തിന്റെ വൺ സൈഡ് യാർഡ്/ റിയർ യാർഡ് എന്നിവ അതിരിനോട്ട ചേർന്നുള്ള ഭൂവുടമയുടെ സമ്മതത്തോട്ടുകൂടി അതിർത്തിയോട് ചേർത്ത് കെട്ടാവുന്നതാണ്. അത്തരത്തിൽ ഒരു ഭൂവുടമ സ്വമേധയാ സമ്മതിക്കുകയാണെങ്കിൽ രേഖാമൂലമുള്ള സമ്മതമില്ലാതെതന്നെ അതേ പ്ലോട്ടിന്റെ അതിരിലേക്ക് ചേർത്തുകെട്ടുവാൻ ആ ഭൂവടമയ്ക്കും അവകാശമുണ്ടായിരിക്കും. ചെറിയ പ്ലോട്ടിലെ കെട്ടിടത്തിന് ഫ്രണ്ട് യാർഡ് മിനിമം 1.2 മീറ്ററും, ആവറേജ് 1.8 മീറ്ററും, റിയർ യാർഡ് മിനിമം 0.5 മീറ്ററും, ആവറേജ് 1.0 മീറ്ററും സൈഡ് യാർഡ് മിനിമം 0.6 മീറ്ററും നൽകേണ്ടതാണ്. |
| (ബി) | ഈ ചട്ടം പാലിക്കാതെ കെട്ടിടം നിർമിച്ചാൽ | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്നത്;വിശദമാക്കാമോ; | | ആക്റ്റുകളിലേയോ, അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 235W, 235X വകുപ്പുകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 406, 408 വകുപ്പുകൾ, 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അദ്ധ്യായം XIX എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | അങ്ങനെ നിർമിച്ച കെട്ടിടം ക്രമവത്കരിച്ച് നമ്പർ ലഭിക്കുവാൻ എന്തെങ്കിലും മാർഗങ്ങൾ ഉണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ? | (സി) | നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ